## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3249** — **21.12.2012- ലെ മറുപടിക്ക്**

## പ്ലാൻ സ്പേയ്സ്

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത്:<br>,, സണ്ണി ജോസഫ്:<br>,, പാലോട് രവി:<br>,, വർക്കല കഹാർ: | | **ശ്രീ. കെ.സി. ജോസഫ്**<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ആസൂത്രണ ബോർഡിൽ പ്ലാൻ സ്പേയ്സ് എന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) | വാർഷികപദ്ധതി പുരോഗതി ഓൺലൈനായി അവലോകനം ചെയ്യുന്നതിനാണ് ഈ സംവിധാനം ഒരുക്കിയിട്ടുള്ളത്. ഓരോ വകുപ്പിന്റെയും ഓരോ പദ്ധതിയുടെയും വിശദമായ നിർവ്വഹണ പുരോഗതി ഏതു സമയത്തും ലഭ്യമാകുമെന്നതാണ് ഇതിന്റെ പ്രത്യേകത. പദ്ധതി നിർവ്വഹണത്തിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ വിശദമായി അറിയുന്നതിന് ബന്ധപ്പെട്ട എല്ലാവർക്കും ഇതിലൂടെ കഴിയും. |
| (സി) | പദ്ധതി പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ; | (സി) | വകുപ്പ് / മേഖലാ / ഉപമേഖലാ തലങ്ങളിൽ വാർഷിക പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി ഏത് സമയത്തും നിരീക്ഷിക്കുന്നതിന് കഴിയും. ഓരോ പദ്ധതിയുടെയും ഭരണാനുമതി നൽകൽ, വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം, നിർവ്വഹണത്തിലുള്ള തടസ്സങ്ങൾ, വിവിധ ഘടകങ്ങളുടെ പുരോഗതി എന്നിവ വിശദമായി നിരീക്ഷിക്കുന്നതിന് കഴിയുന്നതാണ്. എത്ര ശതമാനം തുക ഓരോ കാലയളവിലും ഓരോ പദ്ധതിക്കും ചെലവഴിക്കാൻ സാധിച്ചു എന്നും ഭൗതിക നേട്ടം എത്രമാത്രം കൈവരിക്കാൻ സാധിച്ചു എന്നുമുള്ള കാര്യങ്ങളും ഇതോടൊപ്പം അറിയാൻ കഴിയും. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എല്ലാ വകുപ്പുകളു ടേയും പദ്ധതി വിവരങ്ങൾ ശേഖ രിച്ചിട്ടുണ്ടോ ; | (ഡി) | ശേഖരിച്ചിട്ടുണ്ട്. |
| (ഇ) | ഈ സംവിധാനം ഉപജില്ലാതലം വരെ വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ? | (ഇ) | ഇതിന്റെ ആവശ്യമുണ്ടെങ്കിൽ പരിഗണി ക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**